# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4610 — 20.10.11 ൽ -മറുപടിക്ക്

### ബി.പി.എൽ. കാർഡുടമകൾക്കുള്ള അരിവിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) | |
| (എ) | സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയ പുതിയ ബി.പി.എൽ ലിസ്റ്റ് പ്രകാരം സംസ്ഥാനത്ത് ദാരിദ്രരേഖയ്ക്കു താഴെയുള്ള 32.29 ലക്ഷം കുടുംബങ്ങളാണുള്ളത്. |
| (ബി) | ഇതിൽ എത്ര കുടുംബങ്ങൾക്ക് ബി.പി. എൽ. റേഷൻകാർഡ് നൽകിയിട്ടുണ്ട്; | (ബി) | നിലവിൽ 20.57 ലക്ഷം കുടുംബങ്ങൾക്ക് ബി.പി.എൽ കാർഡുകൾ നൽകിയിട്ടുണ്ട്. ഇതിൽ 14.61 ലക്ഷം ബി.പി.എൽ കുടുംബങ്ങളും 5.96 ലക്ഷം എ.എ.വൈ കുടുംബങ്ങളും ഉൾപ്പെടുന്നു. |
| (സി) | ഇത്രയും ബി.പി.എൽ. റേഷൻകാർഡുടമകൾക്ക് പ്രതിമാസം 25 കിലോഗ്രാം അരി ഒരു രൂപാ നിരക്കിൽ നൽകുന്നതിന് എത്ര കിലോഗ്രാം അരി വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 25 കിലോ അരിയും എ.എ.വൈ കുടുംബങ്ങൾക്ക് 35 കിലോ അരിയും വിതരണം ചെയ്യുന്നതിന് ബി.പി.എൽ കുടുംബങ്ങൾക്ക് 3,65,25,000 കിലോഗ്രാം അരിയും എ.എ.വൈ കുടുംബങ്ങൾക്ക് 2,08,53,000 കിലോഗ്രാം അരിയും പ്രതിമാസം വിതരണത്തിനാവശ്യമുണ്ട്. |
| (ഡി) | 2011 ആഗസ്റ്റ് 27 മുതൽ സെപ്തംബർ 30 വരെ എത്ര കിലോഗ്രാം അരി ഈ പദ്ധതിമുഖേന വിതരണം ചെയ്യുവാൻ റേഷൻകടകളിൽ എത്തിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | 2011 ആഗസ്റ്റ് 27 മുതൽ 2011 സെപ്തംബർ 30 വരെ 3,41,86,664 കിലോഗ്രാം ബി.പി.എൽ അരിയും 2,13,19,579 കിലോഗ്രാം എ.എ.വൈ അരിയും വിതരണത്തിനായി റേഷൻകടകളിൽ എത്തിച്ചു. ഇതു കൂടാതെ 45,10,000 കിലോഗ്രാം ബി.പി.എൽ അരിയും 1,28,50,400 കിൽലോഗ്രാം എ.എ.വൈ അരിയും വ്യാപാരികളുടെ പക്കൽ നീക്കിയിരിപ്പുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ